ഉത്തരം

(എ) ഓവർസീയർ/ഡ്രാഫ്റ്റ്സ്മാൻ വിഭാഗത്തിൽപ്പെട്ട 21 ജീവനക്കാരെ ജലവിഭവ വകുപ്പിൽ തുടരാൻ അനുവദിച്ചിട്ടുണ്ട്.

(ബി&സി) ഇല്ല. (കോടതി വിധി നടപ്പാക്കുന്നതിന്റെ ഭാഗമായും സീനിയോറിറ്റി ലംഘിച്ച് ജീവനക്കാരെ പുനർവിന്യസിച്ചിട്ടുണ്ടെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്ന സാഹചര്യത്തിലും, ജവാൻമാരുടെ അടുത്ത ബന്ധുക്കളാണെന്ന പരിഗണനയിലും, ജീവനക്കാരുടെ വിദ്യാഭ്യാസ സൗകര്യം കണക്കിലെടുത്തു കൊണ്ടും, മാനുഷിക പരിഗണന നൽകിയുമാണ്, പുനർവിന്യാസത്തിൽ നിന്ന് ഒഴിവാക്കുന്നത്)

(ഡി) പകരം ജീവനക്കാരെ തദ്ദേശത്തെ വകുപ്പിലേക്ക് പുനർവിന്യസിക്കുമെന്ന വ്യവസ്ഥയിൽ മാത്രമാണ് പുനർവിന്യസിപ്പിച്ച ജീവനക്കാരെ അതിൽ നിന്ന് ഒഴിവാക്കുന്നത്.

(ഇ) പുനർവിന്യാസത്തിൽ നിന്ന് ഒഴിവാക്കുന്ന ജീവനക്കാരുടെ സ്ഥാനത്ത് തുല്യ തസ്തികയിലുള്ള പകരക്കാരെ നിയമിക്കുന്നതുകൊണ്ട് ഒഴിവാക്കൽ നടപടി പുനർവിന്യാസ പ്രക്രിയയെ ബാധിക്കുകയില്ല.

കാഡ പദ്ധതിയുടെ കീഴിലുള്ള പണികൾ

46 (4654) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'കാഡ' പദ്ധതിയുടെ കീഴിലുള്ള പ്രോജക്ടുകളിൽ 15 വർഷമായി നടന്നുവരുന്ന പണികൾ തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലെന്ന് പറയുമോ ;

(സി) 'കാഡ' പദ്ധതി പ്രകാരമാരംഭിച്ചിട്ടുള്ള ഏതെല്ലാം പണികൾ തുടരാൻ തീരുമാനിച്ചു ; ഇവ ആരംഭിച്ചിട്ട് എത്ര കാലമായി ;

(ഡി) പ്രസ്തുത പണികൾ തുടരേണ്ടതില്ലെന്ന് തീരുമാനിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് പറയുമോ ;

(ഇ) ചിറ്റൂർപ്പുഴ പ്രോജക്ടിന് കീഴിലുള്ള 'കാഡ' പദ്ധതി നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എഫ്) ഇവിടെ നടന്നുവരുന്ന പണികൾ തുടർന്നുകൊണ്ടു പോകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

(ഇ) ഇല്ല.

(എഫ്) കേന്ദ്ര ഗവൺമെന്റിൽ നിന്നും തുടർന്നും സഹായം ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly